# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.400 04.2.2014 ൽ മറുപടിക്ക്

**<u>അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ. കെ. അജിത്** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |

(എ) അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവരുടെ സേവന -വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി;

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും വളരെ തുച്ഛമായ വേതനമാണ് സ്കൂൾ മാനേജ്മെന്റുകൾ നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ ജി.ഒ(എം.എസ്) നമ്പർ 36/11/പൊ.വി പ്രകാരം അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7000/- രൂപയും, എച്ച്.എസ്.എയ്ക്ക് 6000/- രൂപയും പ്രൈമറി ടീച്ചർക്ക് 5000/- രൂപയും ക്ലാർക്കിന് 4000/- രൂപയും ക്ലാസ്സ് ഫോർ ജീവനക്കാർക്ക് 3500/- രൂപയും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നും 12.9.2011 ന് പുറപ്പെടുവിച്ച ഉത്തരവിൽ അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് അൺ-എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും സംഘടനകൾ പ്രവർത്തിക്കുന്നതായി സർക്കാരിനറിയാമോ; എങ്കിൽ സർക്കാർ അംഗീകാരത്തോടെ ഈ മേഖലയിൽ ഏതൊക്കെ സംഘടനകളാണ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നതെന്നു വെളിപ്പെടുത്തുമോ? | (സി) | സർക്കാർ അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ